## 19.03.2019 ന് പി.എ.യു. കോൺഫറസ് ഹാളിൽ വച്ച് നടത്തിയ എം.ജി.എൻ.ആർ. ഇ.ജി.എസ് റിവ്യൂ മീറ്റിംഗ് മിനുട്സ്.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനായി വിളിച്ചു ചേർത്ത അവലേകന യോഗത്തിൽ 15 ബ്ലാക്ക് പഞ്ചായത്തുകളിൽ നിന്നും ജോയിന്റ് ബ്ലോക്ക് [redacted] ഡവലപ്മെന്റ് ഓഫീസർമാർ, എം.ജി.എൻ.ആർ.ഇ.ജി.എസ് അക്രഡിറ്റഡ് എൻജിനീയർമാർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ എന്നിവർ പങ്കെടുത്തു.

ജോയിന്റ് പ്രോഗ്രാം കോ ഓർഡിനേറ്ററുടെ അധ്യക്ഷതയിൽ 10.30 ന് യോഗം ആരംഭിച്ചു. ആക്ടിന്റെ പരിധിയിൽ വരുന്നു എന്നതിനാൽ എം.ജി.എൻ.ആർ.ഇ.ജി.എസ്. ന് ഇലക്ഷൻ കമ്മീഷണർ തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടത്തിൽ ഇളവുചെയ്തിട്ടുണ്ട്. തൊഴിലാവശ്യപ്പട്ടുവരുന്ന തൊഴിലാളികളെ പുരോഗതിയിലുള്ള പ്രവൃത്തികളിൽ നിയോഗിക്കണം. ongoing പ്രവൃത്തികൾ ഇല്ലാത്തിടത്ത് Approved Shelf of Project ലും Approved Additional Action Plan ലും ഉള്ള പ്രവൃത്തികൾ ഏറ്റെടുത്ത്, പ്രവൃത്തികളുടെ പട്ടിക ഗ്രാമ പഞ്ചായത്തുകൾ ബ്ലോക്ക് പഞ്ചായത്തുവഴി ജില്ലാ ഇലക്ഷൻ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. Approved Shelf of Project ലും Approved Additional Action Plan ലും ഉള്ള പ്രവൃത്തികൾ പൂർണ്ണമായാൽ പുതിയ പ്രവൃത്തി ഏറ്റെടുക്കുന്നതിന് ജില്ലാ ഇലക്ഷൻ ഓഫീസറുടെ മുൻകൂർ അനുമതി വാങ്ങണം. തുടങ്ങിയകാര്യങ്ങൾ ആമുഖമായി പറഞ്ഞു. മീറ്റിംഗിലെ തീരുമാനങ്ങൾ:-

- ലേബർ ബഡ്ജറ്റിന്റെ 100%നേട്ടം കൈവരിച്ചിട്ടില്ലാത്ത ബ്ലോക്ക് പഞ്ചായത്തുകൾ മാർച്ച് 31 നകം കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകി 100% നേട്ടംകൈവരിക്കേണ്ടതാണ്.
- 89-99 ദിനം പൂർത്തിയാക്കിയ മുഴുവൻ കുടുംബങ്ങൾക്കും 100 ദിനം പൂർത്തിയാക്കുന്നതിനാവശ്യമായ തൊഴിൽ ദിനങ്ങൾ നൽകേണ്ടതാണ് .
- ഏതെങ്കിലും ബ്ലോക്ക്/ ഗ്രാമ പഞ്ചായത്തുകളിൽ എം.ജി.എൻ.ആർ.ഇ.ജി.എസ് ജീവനക്കാർ ഇല്ലാതെ വരുന്ന സാഹചര്യത്തിൽ ഉടൻതന്നെ മുൻപരിചയമുള്ള വരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കേണ്ടതാണ്. തുടർന്ന് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കരാർ വ്യവസ്തയിലുള്ള നിയമനം നടത്തേണ്ടതാണ്.
- ഒരു പ്രവൃത്തിക്ക് ഒരു മേറ്റ് എന്ന നിലക്കോ, 15 ദിവസം കഴിയുമ്പോഴോ നിർബന്ധമായും മേറ്റിനെ മാറ്റേണ്ടതാണ്. എല്ലാ ദിവസവും രാവിലെത്തന്നെ മസ്റ്റർറോൾ പരിശോധിച്ച് ഹാജർ രേഖപ്പടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുകയും, വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ മേറ്റിനോട് വിശദീകരണം ചോദിക്കുകയും, ആവശ്യമെങ്കിൽ മേറ്റിനെ മാറ്റി നിർത്തുകയും ചേയ്യേണ്ടതാണ്. ഇതിനായി ജോയിന്റ് ബി.ഡി.ഒമാരെ ചുമതലപ്പടുത്തി.
- 150 ദിവസം അനുവദിച്ചുകിട്ടിയ ഗ്രാമ പഞ്ചായത്തുകൾ പരമാവധി ആളുകൾക്ക് 150 ദിവസം തൊഴിൽ നൽകേണ്ടതാണ്.
- ജോയിന്റ് ബ്ലോക്ക് ഡവലപ്മന്റ് ഓഫീസർമാരുടെ ടൂർ നോട്ട് എല്ലാ മാസവും 5ാം തീയതിക്കകം ബ്ലോക്ക് ഡവലപ്മന്റ് ഓഫീസർമാർ വഴി ജോയിന്റ് പ്രോഗ്രാം കോ ഓർഡിനേറ്റർക്ക് സമർപ്പിക്കണം.
- എസ്. ടി വിഭാഗത്തിന് 100 ദിവസത്തിൽ ഉപരിയായി 200 ദിവസം തൊഴിൽ അനുവദിക്കുന്നതിന് സംസ്ഥാന സർക്കാർ വിഹിതം ലഭ്യമായിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ കുടുംബശ്രീയുമായി സഹകരിച്ച തൊഴിലാളികൾക്ക് മുൻകൂർ വേതനം നൽകുന്ന സംവിധാനം നടപ്പിലാക്കിയാതായി ജോയിന്റ് പ്രോഗ്രാം കോഓർഡിനേറ്റർ അറിയിച്ചു.

അടുത്ത സാമ്പത്തിക വർഷത്തിൽ. Tribal Plus ൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ മുൻകൂർ വേതനം നൽകുന്ന സംവിധാനം വരുന്നതാണ് അല്ലാത്ത പക്ഷം ജില്ലയിൽ കാസർഗോഡ് മാതൃക സ്വീകരിക്കാമോ എന്ന് പരിശോധിക്കാവുന്നതാണ്. ഇതോടെ കൂടുതൽ എസ്.ടി കുടുംബങ്ങളെ പദ്ധതിയിലേക്ക് കൊണ്ടുവരാൻ കഴിയും.

- rejected transactions, അക്കൗണ്ട് വെരിഫൈ ചെയ്ത് reprocess ചെയ്യേണ്ടതും ഗുണഭോക്താവിന് വേതനം ലഭിച്ചുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.
- 2017-18 ലെ work completion rate മാർച്ച് 30 നകം 100% ആക്കണം. MIS issues ജില്ലാ ഓഫീസിലേക്ക് റിപ്പോർട്ട് ചെയ്യണം
- Empowered Committee Meeting on 28.2.2019 ലെ മിനുട്സ് എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും, പ്രസിഡണ്ട്മാർക്കും പേര് വച്ച് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും നൽകണമെന്ന് ജോയിന്റ് പ്രോഗ്രാം കോ ഓർഡിനേറ്റർ നിർദ്ദേശിച്ചു. നിർദ്ദേശിക്കപ്പെട്ട കാര്യങ്ങൾ വീഴ്ചകൂടാതെ നടപ്പിലാക്കേണ്ടതാണ്. (ഉള്ളടക്കം)
- 2500 ജോബ് കാർഡിന് 1 എന്ന തോതിൽ എല്ലാ ബ്ലോക്ക് പഞ്ചായത്തിലും ബി,എഫ്.ടി മാരെ വെക്കാവുന്നതാണ്. ആവശ്യമുള്ള ബ്ലോക്കുകൾ ആയതിന്റെ വിശദാംശങ്ങൾ ജില്ലാ ഓഫീസിലേക്ക് നൽകേണ്ടതാണ്.
- എല്ലാ മാസവും ഗ്രാമ റോസ്ഗാർ ദിവസ് ആചരിക്കേണ്ടതുണ്ട്. ഇതിലൂടെ ഓരോ പഞ്ചായത്തിനും തൊഴിലിനുള്ള അപേക്ഷ പരമാവധി ശേഖരിക്കുന്നതിന് സാധിക്കും. റോസ്ഗാർ ദിവസ് ആചരിക്കുന്നതിന്റെ ഫോട്ടോകളും, വിശദമായ റിപ്പോർട്ടുകളും ഈ ഓഫീസിലേക്ക് അയക്കേണ്ടതാണ്.
- കൂടാതെ ഓരോ മൂന്ന് മാസം കൂടുമ്പോൾ ഗ്രാമ പഞ്ചായത്തുകളെ ഉൾപ്പെടുത്തി ബ്ലോക്കുതല ഉപദേശക സമിതി വിളിച്ചു ചേർക്കണം. ജോയിന്റ് ബി.ഡി.ഒ മാർ സമിതിയിൽ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കണം.
- Active workers Job Card Verification പൂർത്തിയായതായി ജോയിന്റ് ബി.ഡി.ഒ മാർ അറിയിച്ചു.
- ജോയിന്റ് അക്കൗണ്ടുകൾ ഒഴിവാക്കി എല്ലാ തൊഴിലാളികളുടേതും വ്യകതിഗത ബാങ്ക് അക്കൗണ്ടാക്കി മാറ്റണം.
- T+8 സമയ പരിധിക്കുള്ളിൽ FTO send ചെയ്യുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിലെ മൂത്തേടം, പോത്തുകല്ല്, വഴിക്കടവ് ഗ്രമ പഞ്ചായത്തുകൾ സമയ ബന്ധിത വേതന വിതരണത്തിൽ തുടർച്ചയായി വീഴ്ചവരുത്തിയിട്ടുണ്ട്. ഇവടങ്ങളിലെ എം.ജി.എൻ.ആർ.ഇ.ജി.എസ് സ്റ്റാഫിന്, സെക്രട്ടറിമാർ കാരണം കാണിക്കൽ നോട്ടീസ് നൽകേണ്ടതാണ്. വിശദീകരണം ബ്ലോക്തല ചാർജ്ജ് ഓഫീസർ അടങ്ങുന്ന കമ്മിറ്റി പരിശോധിക്കേണ്ടതുമാണ്. അതിനു ശേഷമേ ഇവരുടെ കരാർ പുതുക്കി നൽകാവൂ.
- റയിൽവേ ഭൂമിയുള്ള ഗ്രാമ പഞ്ചായത്തുകൾ ടി ഭൂമിയിൽ ചെയ്യാവുന്ന പ്രവൃത്തികൾ ഏറ്റെടുക്കണം. ഇലക്ഷൻ നടപടികൾ പൂർത്തിയായതിനുശേഷം, മെയ് മാസത്തോടെ റെയിൽവെ ഉദ്യോഗസ്ഥർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി എന്നിവരെ ഉൾപ്പെടുത്തി മീറ്റിംഗ് വിളിച്ച് ആവശ്യമുള്ള പ്രവൃത്തികൾ ഏതെന്ന് തീരുമാനിച്ച് ആക്ഷൻ പ്ലാൻ തയ്യാറാക്കണം. ജില്ലയിലെ പൈലറ്റ് പ്രോഗ്രാം ആയി പെരിന്തൽമണ്ണ ബ്ലോക്കിലെ, അങ്ങാടിപ്പുറം ഗ്രാമ പഞ്ചായത്ത് റെയിൽവേ ഭൂമിയിൽ കുളം നിർമ്മിക്കുന്ന പ്രവൃത്തി 22.3.2019 ന് ജില്ലാ കലക്ടർ ഉദ്ഘാടനം നിർവ്വഹിക്കും.

- ആധാർ സീഡിംഗിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും 100% കൈവരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ജോബ് കാർഡ് വെരിഫിക്കേഷൻ പൂർത്തിയാക്കണം.
- മാർച്ച് കഴിയുമ്പോൾ road side tree plantation ന്റെയും Block Plantation ന്റെയും survival rate സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കണം.
- ഗ്രാമീണ ചന്തകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി പുൽപറ്റ, വഴിക്കടവ് ഗ്രാമ പഞ്ചായത്തുൾ പുരോഗതി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.
- നഴ്സറികൾ ആരംഭിക്കാത്ത ബ്ലോക്കുകൾ ഏപ്രിൽ ആദ്യവാരം ആയത് ഏറ്റെടുക്കണം.
- നിർമ്മാണ സാമഗ്രികളുടെ യൂണിറ്റ് യന്ത്രവത്കരിക്കുന്നതിനുള്ള പദ്ധതി ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത് പ്ലാൻ ഫണ്ട് ഉപയോഗിച്ചു നടപ്പിലാക്കണം.
- ഒരു പഞ്ചായത്തിൽ കുറഞ്ഞത് 10 ജലസേചന കുളങ്ങളെങ്കിലും നിർമ്മിക്കേണ്ടതാണ്.
- കമ്പോസ്റ്റ് സംവിധാനം, NADEP/VERMI എന്നിങ്ങനെ ഓരോ കുടുംബത്തിനും അനുയോജ്യമായത് നിർമ്മിച്ചു നൽകേണ്ടതാണ്.
- IEC യുടെ ഭാഗമായി ചുമർ എഴുത്തുകൾ എവിടെയൊക്കെ സാധ്യമായി എന്ന് അറിയിക്കേണ്ടതാണ്.
- അംഗണവാടി നിർമ്മാണത്തിന് സ്ഥലം ലഭ്യമായതും വനിതാ ശിശു വികസന വകുപ്പ് ഫണ്ട് ലഭ്യമാക്കിയതുമായ സ്ഥലങ്ങളിൽ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

യോഗം 5 മണിക്ക് അവസാനിച്ചു.

ജോയിന്റ് പ്രോഗ്രാം കോ ഓർഡിനേറ്റർ,
എം.ജി.എൻ.ആർ.ഇ.ജി.എസ്, മലപ്പുറം.